I. ഇ.ബി. XV-കേരള നിയമസഭ/XIII-9

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 ഫെബ്രുവരി 12, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1592-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 19-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1592-ന്റെ തിരുത്തിയ ഉത്തരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

പോലീസിന്റെ അനാസ്ഥ

മി. സ്പീക്കർ: പാലക്കാട് നെന്മാറയിൽ ജാമ്യ വ്യവസ്ഥ ലംഘിച്ച് വീട്ടിലെത്തിയ കൊലക്കേസ് പ്രതി രണ്ടുപേരെ കൊലപ്പെടുത്തിയതടക്കം സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയാൻ പോലീസ് പരാജയപ്പെടുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, ഐ.സി. ബാലകൃഷ്ണൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാലക്കാട് പോത്തുണ്ടി സ്വദേശി ചെന്താമരാക്ഷൻ 27-01-2025-ന് അയൽവാസികളായ സുധാകരനെയും മാതാവ് ലക്ഷ്മിയെയും വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിയെ അറസ്റ്റ് ചെയ്ത് ഭാരതീയ ന്യായ സംഹിതയിലെ വിവിധ വകുപ്പുകൾപ്രകാരം നെന്മാറ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കൊല്ലപ്പെട്ട

സുധാകരന്റെ ഭാര്യയെ ഈ കേസിൽ പ്രതിയായ ചെന്താമരാക്ഷൻ 2019-ൽ കൊലപ്പെടുത്തിയ കേസ് പാലക്കാട് ഫാസ്റ്റ് ട്രാക്ക് കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ ഉത്തരവില്ലാതെ നെന്മാറ പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രവേശിക്കാൻ പാടുള്ളതല്ലെന്ന ജാമ്യ വ്യവസ്ഥയിൽ പിന്നീട് കോടതി ഇളവ് വരുത്തിയിട്ടുണ്ട്. ചെന്താമരാക്ഷനിൽനിന്നും ഭീഷണിയുണ്ടെന്ന് കാണിച്ച് കൊല്ലപ്പെട്ട സുധാകരന്റെ മകൾ അഖില നെന്മാറ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിനെത്തുടർന്ന് ചെന്താമരാക്ഷനെ സ്റ്റേഷനിൽ വിളിച്ചുവരുത്തി ജാമ്യ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് താക്കീത് നൽകിയതിനുശേഷമാണ് ഇരട്ട കൊലപാതകം ഉണ്ടായത്. പരാതി ലഭിച്ചിട്ടും നടപടിയിൽ വീഴ്ച വരുത്തിയതിന് നെന്മാറ പോലീസ് ഇൻസ്പെക്ടർ ശ്രീ. എം. മഹേന്ദ്രസിംഹനെ സർവീസിൽനിന്നും അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. പത്തനംതിട്ട കണ്ണങ്കരയിൽ 04-02-2025-ന് രാത്രി 11 മണിയോടെ ആളുകൾ കൂട്ടംകൂടിനിന്ന് പ്രശ്നങ്ങളുണ്ടാക്കിയതിനെത്തുടർന്ന് പോലീസ് ലാത്തി

വീശി ആളുകളെ പിരിച്ചുവിട്ടിരുന്നു. ഇക്കൂട്ടത്തിൽ അടൂരിൽനിന്ന് വിവാഹ സൽക്കാരത്തിൽ പങ്കെടുത്ത് മടങ്ങിവന്ന എരുമേലി സ്വദേശികളിൽ ചിലരും ഉൾപ്പെട്ടിരുന്നു. ടി സംഭവത്തിനിടയിൽ പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞിരുന്ന യുവതിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും തെറ്റായ രീതിയിൽ നടപടി സ്വീകരിച്ച പത്തനംതിട്ട പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ജിനു ജെ. യു., പോലീസ് ഉദ്യോഗസ്ഥരായ ജോബിൻ ജോസഫ്, അഷ്റാഫ്, റഷീദ് എന്നിവരെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: മനുഷ്യജീവന് സംരക്ഷണം നൽകുന്നതിൽ പോലീസ് സംവിധാനം പരാജയപ്പെട്ടിരിക്കുന്നു. ചെന്താമരാക്ഷന്റെ ജാമ്യ വ്യവസ്ഥയിൽ കോടതി ഇളവ് നൽകിയെന്ന മുഖ്യമന്ത്രിയുടെ മറുപടി വാസ്തവവിരുദ്ധമാണ്. സുധാകരന്റെ മകൾ ഭീഷണിയുണ്ടെന്ന് കാണിച്ച് പോലീസിൽ പരാതി നൽകിയിട്ടും കൊലപാതകിയായ പ്രതിയെ പ്രിവന്റീവ് അറസ്റ്റ് ചെയ്യാത്തത് പോലീസിന്റെ

കൃത്യവിലോപത്തെയാണ് കാണിക്കുന്നത്. സർക്കാർ സുധാകരന്റെ മക്കളുടെ സംരക്ഷണം ഏറ്റെടുക്കണം. പോലീസിന്റെ അതിക്രമം സംസ്ഥാനത്ത് വർധിച്ചുകൊണ്ടിരിക്കുകയാണ്. പത്തനംതിട്ട കണ്ണങ്കരയിലുണ്ടായ സംഭവമുൾപ്പെടെ നിരവധി അതിക്രമങ്ങൾ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് ആശങ്കാജനകമാണ്. സംസ്ഥാനത്ത് പോലീസ് സേന ക്രിമിനൽവൽക്കരിപ്പെട്ടിരിക്കുകയാണ്. ക്രമസമാധാനം തകർന്ന അവസ്ഥയിലാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. പിണറായി വിജയൻ: പ്രതിയെ വേഗത്തിൽ പിടികൂടുന്നതിനുള്ള നടപടികളാണ് പോലീസ് സ്വീകരിച്ചത്. കുറ്റവാളിയെ സംരക്ഷിക്കാനുള്ള യാതൊരു നിലപാടും പോലീസ് സ്വീകരിച്ചിട്ടില്ല. പ്രതിക്ക് കർശന ശിക്ഷ ഉറപ്പാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കുറ്റവാളികൾക്കെതിരെ ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. പോലീസിന്റെ വീഴ്ചകൾ ഗൗരവമായി കാണുകയും തെറ്റായ സമീപനമുണ്ടായാൽ നടപടി സ്വീകരിക്കുകയും ചെയ്യും. ജലജാ സുരൻ കൊലക്കേസ്, കൂടത്തായി കൂട്ടക്കൊല തുടങ്ങി നിരവധി കേസുകളിൽ പോലീസിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ പ്രതികൾക്ക്

പരമാവധി ശിക്ഷ നൽകാൻ സാധിച്ചു. ജയിലിൽനിന്ന് പുറത്തിറങ്ങുന്ന പ്രതികൾ ജാമ്യവ്യവസ്ഥ ലംഘിച്ചാൽ പോലീസിന് കോടതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ മാത്രമേ സാധിക്കുകയുള്ളൂ. ഇന്ത്യയിൽ ക്രമസമാധാനനില ഏറ്റവും ഭദ്രമായ സംസ്ഥാനം കേരളമാണ്. സംസ്ഥാനത്ത് ചില ഒറ്റപ്പെട്ട സംഭവങ്ങളൊഴികെ വളരെ മികവാർന്ന പ്രവർത്തനങ്ങളാണ് പോലീസ് സേന നടത്തിക്കൊണ്ടിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

### (1) ശബരിമല വികസനം

ശ്രീ. കെ. യു. ജനീഷ് കുമാർ: ശബരിമല വികസനം സാധ്യമാക്കുന്നതിന്റെ ഭാഗമായി പമ്പ മുതൽ സന്നിധാനംവരെ ജർമ്മൻ മോഡൽ വിരിപ്പന്തൽ സ്ഥിരം സംവിധാനമാക്കണം. പാർക്കിങ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. തീർഥാടകരുടെ വിവിധ ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ള ലേഔട്ട് പ്ലാനിൽ നിർദേശിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കണം. അതോടൊപ്പം റോപ്‌വേയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനും ഇടത്താവളങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം. ശബരിമലയുടെ വികസനത്തിനാവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ശബരിമലയുടെ വികസനവും തീർഥാടനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി ശബരിമല വികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. ശബരിമല മാസ്റ്റർ പ്ലാൻ

പ്രകാരമുള്ള റോപ്‌വേ നിർമ്മിക്കുന്നതിന് സ്വകാര്യ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. റോപ്‌വേക്കായി കണ്ടെത്തിയ വനഭൂമിക്കുപകരം കൊല്ലം കുളത്തുപ്പുഴയിൽ ഭൂമി കണ്ടെത്തുകയും പരിഹാര വനവൽക്കരണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സന്നിധാന മേഖലയെ 8 സോണുകളായി തിരിച്ച് കേരളത്തിന്റെ പരമ്പരാഗത വാസ്തുശൈലിക്കനുസൃതമായ ലേ ഔട്ട് പ്ലാനാണ് തയ്യാറാക്കിയിരിക്കുന്നത്. സന്നിധാനത്ത് മൂന്ന് ഘട്ടങ്ങളിലായി 778 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്. കാനനപാത ഉപയോഗിക്കുന്നവർക്ക് സുരക്ഷിതവും സുഖകരവുമായ യാത്ര ഉറപ്പാക്കുന്നതിന് ഷെൽട്ടറുകളും വിശ്രമ കേന്ദ്രങ്ങളും എമർജൻസി വാഹന പാതയും ട്രക്ക് റൂട്ടും ലേഔട്ട് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാരിസ്ഥിതിക പുനഃസ്ഥാപനത്തെ പിന്തുണയ്ക്കുന്നതിനായി ബഫർ സോണുകൾ സ്ഥാപിക്കുകയും തീർഥാടകർക്ക് അവശ്യ സേവനങ്ങൾ നൽകുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി 2025-2030 കാലയളവിൽ 314.96 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ശബരിമല തീർഥാടകർ ഏറെ ആശ്രയിക്കുന്ന സീതത്തോട്, കോന്നി ഉൾപ്പെടെയുള്ള ഇടത്താവളങ്ങളിൽ സ്ഥിരം സംവിധാനങ്ങൾ ഒരുക്കുന്നതുസംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(2) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. അബ്ദുൽ ഹമീദ്: ഏറ്റവും കൂടുതൽ പ്രവാസികൾ ആശ്രയിക്കുന്ന കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം വികസന മുരടിപ്പിലാണ്. വിവിധ കാരണങ്ങളാൽ പല പ്രധാന വിമാന സർവീസുകൾക്കും തടസ്സം നേരിട്ടിരിക്കുകയാണ്. Runway End Safety Area-യുടെ നീളം വർധിപ്പിക്കുന്നതിനായി 15 ഏക്കർ സ്ഥലം വിട്ടുനൽകിയവർക്ക് അവരുടെ ശേഷിക്കുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയോ റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സർക്കാർ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം. വിമാനത്താവളത്തിൽനിന്ന് പുറന്തള്ളുന്ന മലിനജലം ശാസ്ത്രീയമായി സംസ്കരിക്കണമെന്ന് എയർപോർട്ട് അതോറിറ്റിയോട് ആവശ്യപ്പെടണം. എയർപോർട്ടിലെ പാർക്കിങ് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. ഹജ്ജ് തീർഥാടകരിൽനിന്നും അമിത വിമാന നിരക്ക് ഈടാക്കുന്നതിനെതിരെ അടിയന്തര ഇടപെടൽ നടത്തണം.

മുഖ്യമന്ത്രിക്കുവേണ്ടി ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): എയർപോർട്ട് വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹജ്ജ് തീർഥാടകരിൽനിന്നും അമിത വിമാന നിരക്ക് ഈടാക്കുന്ന കാര്യത്തിൽ സർക്കാർ ഇടപെടുകയും വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 12.54 ഏക്കർ ഭൂമി ഏറ്റെടുക്കുകയും എയർപോർട്ട് അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. റൺവേ ലീഡിങ് ലൈറ്റ്, സോളാർ പവേർഡ് ഹസാർഡ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനായി പള്ളിക്കൽ, ചേലേമ്പ്ര, കണ്ണമംഗലം വില്ലേജുകളിൽനിന്ന് 11.5 ആർ. ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്ഥലമുടമകളുടെ ആശങ്കകൾ പരിഗണിച്ചുമാത്രമേ സർക്കാർ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. വിമാനത്താവള വികസനത്തിനായി 2047-ഓടെ 436 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള സംയുക്ത പരിശോധനയ്ക്കായുള്ള ടീം രൂപീകരിക്കുന്നതിനായി എയർപോർട്ട് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്.

അത്യാവശ്യ ഘട്ടങ്ങളിൽ കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാരിന്റെ ഭാഗത്തുനിന്നും കൃത്യമായ ഇടപെടലുകളുണ്ടാകുന്നതാണ്.

## IV. സബ്മിഷൻ

### (1) എരമം-കുറ്റൂർ-പുല്ലുപാറയിൽ വ്യവസായ പാർക്ക്

ശ്രീ. ടി. ഐ. മധുസൂദനൻ: എരമം-കുറ്റൂർ-പുല്ലുപാറയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കണ്ണൂർ എരമത്ത് ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.റ്റി.എൽ. അനുവദിച്ച ഭൂമിയുടെ ഡീനോട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലം വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറുന്ന വിഷയം പരിശോധിച്ചുവരികയാണ്.

### (2) ജൽജീവൻ പദ്ധതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ജൽജീവൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച ഗ്രാമീണ റോഡുകൾ

പുനരുദ്ധരിക്കുന്നതിനും സോഴ്സുകൾ കണ്ടെത്തി ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജൽജീവൻ പദ്ധതിക്കാവശ്യമായ സോഴ്സുകൾ കണ്ടെത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 2028 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചുപോകുന്ന കരാറുകാരെ ടെർമിനേറ്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജൽജീവൻ പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും സ്കീമുകളിൽ റോഡുകളുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക്/ ഓൺഗോയിങ് കോൺട്രാക്ടർക്ക് അനുവാദം നൽകിയിട്ടുണ്ട്. ജൽജീവൻ പദ്ധതി ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നത്.

## (3) കുടിവെള്ള പൈപ്പ്ലൈനുകളുടെ മെയിന്റനൻസ്

ഡോ. സുജിത് വിജയൻപിള്ള: വാട്ടർ അതോറിറ്റിയുടെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റുന്നതിനും ചവറ റ്റി.എസ്. കനാലിന് കുറുകെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ

ത്വരിതപ്പെടുത്തുന്നതിനും കുടിവെള്ളം ശേഖരിക്കുന്നതിനിടെ മരണപ്പെട്ട സന്ധ്യ സെബാസ്റ്റ്യന്റെ ആശ്രിതന് സർക്കാർ ജോലി നൽകുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വാട്ടർ അതോറിറ്റിയുടെ കാലപ്പഴക്കംചെന്ന പൈപ്പുകളും അനുബന്ധ ഘടകങ്ങളും സ്റ്റേറ്റ് പ്ലാൻ, അമൃത്, കിഫ്ബി തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി മാറ്റിസ്ഥാപിച്ചുവരികയാണ്. ചവറ റ്റി.എസ്. കനാലിന് കുറുകെ സ്ഥാപിച്ചിരുന്ന പൈപ്പ്ലൈനും പാലവും തകർന്നതിനെത്തുടർന്ന് തടസ്സപ്പെട്ട ജലവിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. പൈപ്പ്ലൈനുകൾ കടന്നുപോകുന്ന കൊല്ലം ജില്ലയിലെ പാലങ്ങളുടെയും പൈപ്പുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജലവിതരണ ശൃംഖലയിലെ പ്രധാന ഘടകങ്ങളായ പൈപ്പ്ലൈൻ വാൽവുകൾ, പൈപ്പുകൾ വഹിക്കുന്ന പാലങ്ങൾ, പമ്പ് ഹൗസുകൾ, ടാങ്കുകൾ എന്നിവയ്ക്കാവശ്യമായ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാനും പ്രതിരോധ പരിപാലനം ഉറപ്പാക്കി രേഖപ്പെടുത്താനും നിർദേശം നൽകിയിട്ടുണ്ട്. മരണപ്പട്ട സന്ധ്യ സെബാസ്റ്റ്യന്റെ കുടുംബത്തിന്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭ്യമാക്കുന്ന കാര്യം പ്രത്യേകം പരിശോധിക്കാവുന്നതാണ്.

### (4) നൂനപക്ഷ സ്കോളർഷിപ്പ്

ശ്രീ. പി. ഉബൈദുള്ള: ന്യൂനപക്ഷ വിദ്യാർഥികളുടെ സ്കോളർഷിപ്പ് വെട്ടിക്കുറച്ച നടപടി പുനഃപരിശോധിക്കുന്നതിനും എത്രയുംവേഗം തുക വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്കായി കഴിഞ്ഞ വർഷം 1905.65 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർത്തലാക്കിയ പ്രീ-മെട്രിക് സ്കോളർഷിപ്പിനുപകരമായി സംസ്ഥാന സർക്കാർ ആരംഭിച്ച 'മാർഗ്ഗദീപം' സ്കോളർഷിപ്പ് പദ്ധതിക്ക് തുക കണ്ടെത്തുന്നതിനായി മറ്റുചില സ്കോളർഷിപ്പുകളുടെ തുകയിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം അപേക്ഷിച്ച മുഴുവൻ പേർക്കും സ്കോളർഷിപ്പ് നൽകിയിരുന്നു. ജനസംഖ്യാനുപാതികമായാണ് ന്യൂനപക്ഷ സ്കോളർഷിപ് വിതരണം ചെയ്യുന്നത്. അപേക്ഷകരില്ലാത്തതിനാൽ ചില വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പ് തുക വിനിയോഗിക്കപ്പെട്ടിട്ടില്ല.

നടപ്പുവർഷം 2407.22 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ആവശ്യമായി വരുന്നപക്ഷം തുക വർധിപ്പിച്ച് നൽകുന്നതാണ്.

(5) മലമ്പുഴയിലെ വന്യജീവി ആക്രമണം

ശ്രീ. എ. പ്രഭാകരൻ: മലമ്പുഴ നിയോജകമണ്ഡലത്തിലെ വന്യജീവി ആക്രമണം ശാശ്വതമായി പരിഹരിക്കുന്നതിനും ഇതിനായി സമഗ്ര പാക്കേജ് അനുവദിക്കുന്നതിനും നടപടി സ്വീകരണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യജീവി ആക്രമണം തടയാൻ പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ചർച്ച ആരംഭിച്ചിട്ടുണ്ട്. പുലിയുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തുന്നുണ്ട്. പന്നികളുടെ ആക്രമണം തടയാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

(6) മംഗലം-ഗോവിന്ദപുരം സംസ്ഥാന പാത നവീകരണം

ശ്രീ. കെ. ബാബു (നെന്മാറ): മംഗലം-ഗോവിന്ദപുരം സംസ്ഥാന പാത നവീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മംഗലം-ഗോവിന്ദപുരം സംസ്ഥാന പാതയുടെ ഭാഗമായ നെന്മാറ

ബൈപാസ് നിർമ്മാണത്തിന് ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലങ്കോട് ബൈപാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ എസ്.ഒ.ആർ. പ്രകാരമുള്ള 60 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിഗണിച്ചുവരികയാണ്. അടിയന്തര നവീകരണം ആവശ്യമായ 18.500 കി.മീ. മുതൽ 25.00 കി.മീ. വരെയുള്ള ഭാഗത്തിന്റെ 7.50 കോടി രൂപയുടെ എസ്റ്റിമേറ്റിന് ശബരിമല ഫെസ്റ്റിവൽ വർക്ക് 2024-25-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലാണ്.

(7) ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണം

ശ്രീമതി സി. കെ. ആശ: വൈക്കം നിയോജകമണ്ഡലത്തിലെ ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണത്തിലെ തടസ്സം ഒഴിവാക്കാനും റീടെൻഡർ ചെയ്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെട്ട ചന്തപ്പാലം-വടയാർ-മുളക്കുളം റോഡിന്റെ പ്രവൃത്തി കരാറുകാരന്റെ റിസ്ക് ആൻഡ് കോസ്റ്റിൽ റദ്ദാക്കുകയുണ്ടായി. പുതിയ പ്രവൃത്തി ക്രമീകരിക്കുന്നതുവരെ റോഡ് ഗതാഗതയോഗ്യമാക്കി നിലനിർത്താൻ തുക

അനുവദിക്കുകയും പ്രവൃത്തി ടെൻഡർ ചെയ്ത് കരാറുകാരനെ ഏല്പിക്കുകയും ചെയ്തു. പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത റോഡിന്റെ ബാലൻസ് പ്രവൃത്തിക്കുള്ള ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിങ് ഏജൻസിയുടെ അനുമതി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(8) ദിഗംബര ജൈന മത വിഭാഗത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. ടി. സിദ്ദിഖ്: ദിഗംബര ജൈന മത വിഭാഗത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): ദിഗംബര ജൈന മത വിഭാഗം മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗത്തിന്റെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത മത വിഭാഗത്തെ സംസ്ഥാന പിന്നാക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പഠനം നടത്തിവരികയാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(9) <u>സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തൽ</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനും സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയിൽ ഒരുക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾക്കനുസരിച്ച് ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് തസ്തികകൾ ലഭ്യമാക്കി മികച്ച രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാണ് ശ്രമിക്കുന്നത്.

(10) <u>കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സംസ്ഥാനത്ത് ഏറ്റവും കൂടുതൽ രോഗികൾ ചികിത്സ തേടിയെത്തുന്ന കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും അഭാവമടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകുന്ന

കോഴിക്കോട് മെഡിക്കൽ കോളേജിൽ സർക്കാർ നേരിട്ട് മരുന്നുകൾ എത്തിച്ചുകൊടുക്കുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. അവയവമാറ്റ-ശസ്ത്രക്രിയ ഉൾപ്പെടെ നടക്കത്തക്കവിധത്തിലുള്ള സൗകര്യങ്ങളോടുകൂടിയ 18 തീയേറ്ററുകളുള്ള ഒരു ബഹുനില കെട്ടിടത്തിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നിലവിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഉൾപ്പെടെ ഒഴിവുള്ള തസ്തികകളിൽ അഡ്ഹോക് നിയമനം നടത്താൻ നിർദേശം നൽകിയിട്ടുണ്ട്. ഫണ്ട് റിലീസിങ്ങിൽ കോഴിക്കോട് മെഡിക്കൽ കോളേജിന് പ്രയോറിറ്റി നൽകണമെന്ന തീരുമാനവുമെടുത്തിട്ടുണ്ട്.

## V. റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI. സ്റ്റാറ്റ്യൂട്ടറി പ്രമേയം

2006-ലെ ഈടുപത്രങ്ങൾ ആക്റ്റിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): "സർക്കാർ പൊതുവായ്പ എടുക്കണമെന്ന ആവശ്യത്തിനോ അല്ലെങ്കിൽ ഔദ്യോഗിക ഗസറ്റിൽ സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന മറ്റ് ഏതെങ്കിലും ആവശ്യത്തിനോവേണ്ടി സർക്കാർ സൃഷ്ടിക്കുന്നതും പുറപ്പെടുവിക്കുന്നതുമായ

ഈട്ടുപത്രങ്ങൾ പൊതുവിപണിയിലും സ്ഥാപനങ്ങൾക്കും വിനിമയം ചെയ്തിരിക്കുന്നത് 1944-ലെ പൊതുക്കടം ആക്റ്റ് പ്രകാരമാണ്. കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഈട്ടുപത്രങ്ങളുടെ ഭരണനിർവഹണത്തെ സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും കൂടുതൽ സുതാര്യമായ രീതിയിൽ നടപ്പാക്കുന്നതിലേക്കായി ഒരു നിയമം ആവശ്യമാണെന്ന് ഭാരതീയ റിസർവ് ബാങ്ക് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ ഭാഗമായി '2006-ലെ സർക്കാർ ഈട്ടുപത്രങ്ങൾ ആക്റ്റ്' (2006-ലെ 38-ാം കേന്ദ്ര ആക്റ്റ്) പാർലമെന്റ് പാസ്സാക്കിയിരുന്നു. പ്രസ്തുത നിയമത്തിൽ 1944-ലെ പൊതുക്കടം ആക്റ്റിലെ ഭൂരിഭാഗം വകുപ്പുകളിലെ വ്യവസ്ഥകളും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യുന്നതിന്റെ ഭാഗമായി, 1944-ലെ പൊതുക്കടം ആക്റ്റ് റദ്ദ് ചെയ്യണമെങ്കിൽ 2006-ലെ സർക്കാർ ഈട്ടുപത്രങ്ങൾ ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകളിൽ ഭേദഗതി വരുത്തി 1944-ലെ പൊതുക്കടം ആക്റ്റ് പ്രകാരം പൊതുവിപണിയിൽ സർക്കാർ വിതരണം അല്ലെങ്കിൽ വിനിമയം ചെയ്ത ഈട്ടുപത്രങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത വിഷയം ഭാരതത്തിന്റെ ഭരണഘടനയിലെ 7-ാം പട്ടിക പ്രകാരം സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ടതാകയാൽ, 1944-ലെ പൊതുക്കടം ആക്റ്റ് റദ്ദ് ചെയ്യുന്നതിന് കേന്ദ്ര

സർക്കാരിനെ പ്രാപ്തമാക്കുന്നതിലേക്കായി, ഭരണഘടനയിലെ 252-ാം അനുച്ഛേദപ്രകാരം സംസ്ഥാനങ്ങൾ ഈ വിഷയത്തിൽ നയപരമായ തീരുമാനമെടുത്ത് അതത് സംസ്ഥാനങ്ങളിലെ നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ 2006-ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഭരണഘടനയിലെ 252-ാം അനുച്ഛേദപ്രകാരം ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർഥിക്കുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VII. ധനകാര്യം

### 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച

ശ്രീ. വി. ജോയി: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര അവഗണന തുടരുമ്പോഴും സമഗ്ര മേഖലകളെയും തൊട്ടറിഞ്ഞുള്ള ബജറ്റാണ്

അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ റവന്യൂക്കമ്മി കുറയ്ക്കാനും നികുതി-നികുതിയേതര വരുമാനങ്ങൾ വർധിപ്പിക്കാനും ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്. കരമന-കളിയിക്കാവിള റോഡുവികസനം യാഥാർഥ്യമാക്കുന്നതിനായി വഴിമുക്ക്-കളിയിക്കാവിള വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തണം. വർക്കല പകൽക്കുറി ഗുരു ചെങ്ങന്നൂർ കഥകളി അക്കാദമി (കലാഭാരതി)-ക്കുള്ള വാർഷിക ഗ്രാന്റ് 5 ലക്ഷം രൂപയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സനീഷ്കുമാർ ജോസഫ്: ബജറ്റിനെ എതിർക്കുന്നു. സംസ്ഥാനങ്ങളുടെ ധനസ്ഥിതിയുമായി ബന്ധപ്പെട്ട് നീതി ആയോഗ് നടത്തിയ റാങ്കിങ്ങിൽ കേരളം പിന്നിലാണ്. സംസ്ഥാന ബജറ്റിൽ പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളോട് വിവേചനപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വിലക്കയറ്റം തടയാനാവശ്യമായ വിപണിയിടപെടൽ നടത്താത്തത് ഖേദകരമാണ്. ഭൂനികുതിയും കോടതി ഫീസും വർധിപ്പിച്ചത് സാധാരണക്കാരുടെ ജീവിതത്തെ ദുരിതപൂർണ്ണമാക്കി. കൊച്ചി മെട്രോ റെയിൽ പാത ചാലക്കുടി വരെ ദീർഘിപ്പിക്കാനും ചാലക്കുടി റവന്യൂ ടവർ യാഥാർഥ്യമാക്കാനും നടപടി സ്വീകരിക്കണം. അതിരപ്പിള്ളി, വാഴച്ചാൽ, മലക്കപ്പാറ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന

സൗകര്യവികസനത്തിന് ഫണ്ട് അനുവദിക്കണം. ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുന്നതിൽ കെ.എം.എസ്.സി.എൽ. പരാജയപ്പെട്ടിരിക്കുകയാണ്. സൗജന്യ മരുന്ന് വിതരണത്തിനായി ബജറ്റിൽ വകയിരുത്തിയ തുക അനുവദിക്കാത്ത സർക്കാർ നടപടി പ്രതിഷേധാർഹമാണ്. ചാലക്കുടി താലൂക്കാശുപത്രിയിലും വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രിയിലും ആവശ്യമായ തസ്തികകൾ അനുവദിക്കണം. മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിനായി അനുവദിച്ച അധിക ഫണ്ട് അപര്യാപ്തമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ, ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകൾ എന്നിവ വെട്ടിച്ചുരുക്കിയ സർക്കാർ നടപടി നീതീകരിക്കാവുന്നതല്ല. റിട്ട. ചീഫ് ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കണം. പട്ടികജാതി/വർഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സിന്റെയും മറ്റ് സ്കോളർഷിപ്പുകളുടെയും കുടിശ്ശിക വിതരണം കാര്യക്ഷമമാക്കണം. പരമ്പരാഗത വ്യവസായ തൊഴിലാളികളെ സംരക്ഷിക്കണം. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കണം.

<u>ശ്രീ. പി. എസ്. സുപാൽ:</u> ബജറ്റിനെ അനുകൂലിക്കുന്നു. ദീർഘവീക്ഷണവും വികസന കാഴ്ചപ്പാടുമുള്ള ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ മികവാർന്ന പ്രവർത്തനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചത്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് വിഴിഞ്ഞം-കൊല്ലം-പുനലൂർ വികസന വളർച്ചാ ത്രികോണ പദ്ധതി (വി.കെ.പി.ജി.ടി.) നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണ്. വയനാട് ദുരന്ത മേഖലയ്ക്ക് കേന്ദ്ര ഫണ്ട് അനുവദിക്കാത്ത നടപടി പ്രതിഷേധാർഹമാണ്. പട്ടികജാതി പട്ടികവർഗ വികസന മേഖലയ്ക്കും വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട പുനരധിവാസത്തിനും നെല്ല് വികസന പദ്ധതിക്കും ബജറ്റിൽ തുക മാറ്റിവച്ചത് സ്വാഗതാർഹമാണ്. വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും പരിക്കുപറ്റുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിന് കൂടുതൽ തുക വകയിരുത്തണം. തെന്മല ഇക്കോടൂറിസം പദ്ധതിയെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കുന്നതിനും തോട്ടം മേഖലയിലെ ലയങ്ങളുടെ പുനരുദ്ധാരണത്തിനും കശുവണ്ടി-കയർ-കൈത്തറി മേഖലകളുടെ വികസനത്തിനും സപ്ലൈകോ ഔട്ട്‌ലെറ്റുകൾ സജീവമാക്കുന്നതിനും കൂടുതൽ

തുക വകയിരുത്തണം. ഹോർട്ടികൾച്ചർ മിഷന് രണ്ട് കോടി രൂപ അനുവദിക്കാനും കോഴിക്കോട് വിലങ്ങാടിന് പ്രത്യേക പദ്ധതി പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണം. വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: ബജറ്റിനെ എതിർക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും ലൈഫ് പദ്ധതിക്ക് അനുവദിക്കുന്ന തുക ഫലപ്രദമായി ചെലവഴിക്കാനും ഗ്രാമീണ റോഡ് വികസനത്തിനായുള്ള തുക സാമാജികർക്ക് തുല്യമായി അനുവദിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ബജറ്റിനെ എതിർക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ബജറ്റിൽ പരാമർശിക്കാത്തത് നിരാശാജനകമാണ്. കാർഷിക മേഖലയെ പരിപൂർണ്ണമായി അവഗണിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് 250/- രൂപയായി വർധിപ്പിക്കാൻ നടപടി സ്വീകരിക്കണം. നെൽകർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ ഒരു പാക്കേജ് പ്രഖ്യാപിക്കാൻ തയ്യാറാകണം. ന്യൂനപക്ഷ

വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ് വെട്ടിച്ചുരുക്കിയത് പുനഃസ്ഥാപിക്കണം.

<u>ശ്രീ. കെ. പ്രേംകുമാർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ അവഗണിച്ചിട്ടും ബദൽമാർഗങ്ങളിലൂടെ വയനാട് ദുരന്തമേഖലയുടെ പുനരധിവാസത്തിനായി 750 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചത് ശ്രദ്ധേയമാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ തനത് വരുമാനം കണ്ടെത്തുന്ന സംസ്ഥാനമാണ് കേരളമെന്നത് അഭിമാനകരമാണ്. വിദ്യാർഥികളെ തൊഴിലിൽ പ്രാപ്തരാക്കുന്നതിനുള്ള 'വിജ്ഞാന കേരളം - ജനകീയ ക്യാമ്പയിൻ' പദ്ധതിയും കേരള നോളജ് ഇക്കോണമി മിഷന്റെ സഹായത്തോടെ മെഗാ ജോബ് എക്സ്പോകൾ സംഘടിപ്പിക്കുമെന്നുമുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. ബയോ എഥനോൾ ഉൽപാദിപ്പിക്കുന്നത് സംബന്ധിച്ച് ഗവേഷണം നടത്താനായി 10 കോടി രൂപ വകയിരുത്തിയതും ഇടത്തരം വരുമാനക്കാർക്ക് കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിനായി സഹകരണ ഭവന പദ്ധതി പ്രഖ്യാപിച്ചതും ശ്രദ്ധേയമാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളുടെയും വികസനം ലക്ഷ്യംവയ്ക്കുകയും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങൾക്കും തുല്യ പരിഗണന നൽകുകയും

ചെയ്യുന്ന ബജറ്റാണിത്. കശുവണ്ടി മേഖലയ്ക്ക് വകയിരുത്തിയ 30 കോടി രൂപ അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കാനും അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനും നടപടി സ്വീകരിക്കണം. ശാസ്താംകോട്ട കായൽ നവീകരണത്തിനും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും അധിക തുക വകയിരുത്തണം.

ശ്രീ. പ്രമോദ് നാരായൺ: ബജറ്റിനെ അനുകൂലിക്കുന്നു. സമഗ്രമായ ഡിജിറ്റൽ ലാൻഡ് മാപ്പിങ് നടത്താൻ നടപടി സ്വീകരിക്കണം. സ്വകാര്യ വ്യക്തികളുടെ ഭൂമി പാട്ടത്തിനെടുത്ത് വികസന പദ്ധതികൾക്ക് ഉപയോഗിക്കാനുതകുന്ന നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കണം. എല്ലാ വകുപ്പുകളുടെയും സംരംഭങ്ങൾ ലോകത്തിനുമുമ്പിൽ അവതരിപ്പിക്കാനുതകുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഫിനാൻഷ്യൽ ലിറ്ററസി ക്യാമ്പയിൻ ജനകീയമാക്കണം. റാന്നി നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള നോളജ് വില്ലേജ് പദ്ധതിക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കണം. പമ്പാ നദിയെ സംരക്ഷിക്കാനും ചട്ടമ്പിസ്വാമികളുടെ പേരിലുള്ള സ്മാരകം റാന്നിയിൽ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പ്രഭാകരൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും പദ്ധതികൾ പൂർത്തീകരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഭവനരഹിതർക്ക് വീടെന്ന സ്വപ്നം സർക്കാർ യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്. 1360 മെഗാവാട്ട് വിദ്യുച്ഛക്തി ഉൽപാദിപ്പിക്കാനും 2028424 കുടിവെള്ള കണക്ഷനുകൾ നൽകാനും മൂന്നുവർഷം കൊണ്ട് 180887 പേർക്ക് പട്ടയം നൽകാനും 5.58 ലക്ഷം ഹെക്ടർ ഭൂമി ഡിജിറ്റൽ സർവെയിലൂടെ അളന്ന് തിട്ടപ്പെടുത്താനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്. നെല്ലിന്റെ സംഭരണ വില വർധിപ്പിക്കാനും വിരമിച്ച അങ്കണവാടി വർക്കർമാർക്ക് കൃത്യമായി പെൻഷൻ നൽകാനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് നൽകുന്ന ചികിത്സാ ധനസഹായം വർധിപ്പിക്കാനും നടപടി സ്വീകരിക്കണം. മലമ്പുഴ ഉദ്യാന നവീകരണത്തിന് തുക വകയിരുത്തണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സുസ്ഥിര വികസനമാണ് ബജറ്റിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം വെട്ടിക്കുറച്ചെങ്കിലും റവന്യൂ വരുമാനം വർധിപ്പിച്ചും ധനക്കമ്മി കുറച്ചുകൊണ്ടും

മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. വയനാട് ദുരന്തനിവാരണത്തിന് 750 കോടി രൂപ വകയിരുത്തിയത് സ്വാഗതാർഹമാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും അപകടവും ജീവഹാനിയുമുണ്ടാകുന്നത് തടയാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബജറ്റിൽ അധിക തുക വകയിരുത്തണം. കേന്ദ്ര ബജറ്റിൽ തൊഴിലുറപ്പ് പദ്ധതിയുടെ തുക വെട്ടിക്കുറച്ചപ്പോൾ സംസ്ഥാനം 10.5 കോടി രൂപയുടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടിയാണ് സ്വീകരിച്ചത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): ബജറ്റിനെ എതിർക്കുന്നു. റവന്യൂകമ്മിയും ധനക്കമ്മിയും മുൻവർഷത്തേക്കാൾ വർധിക്കുകയും പദ്ധതി വിഹിതം 50 ശതമാനത്തിലധികം വെട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുകയാണ്. കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയെ പാടേ അവഗണിച്ചിരിക്കുകയാണ്. റബ്ബർ, നെല്ല് എന്നിവയുടെ താങ്ങുവിലയും സാമൂഹ്യക്ഷേമ പെൻഷനും വർധിപ്പിച്ചിട്ടില്ല. സപ്ലൈകോയുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നത് സംബന്ധിച്ച് ബജറ്റിൽ പരാമർശിച്ചിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷത്തെ ആവറേജ് ജി.എസ്.ടി. ഗ്രോത്ത് റേറ്റ് 6.75 ശതമാനം മാത്രമാണ്.

ഐ.ജി.എസ്.ടി. വരുമാനത്തിലുണ്ടാകുന്ന നഷ്ടം നികത്താൻ നടപടി സ്വീകരിക്കണം. വാഹന വില്പനയുടെ വർധനവിനാനുപാതികമായി വാഹന സർവീസുകളും സ്പെയർ പാർട്സ് കച്ചവടവും നടക്കുന്നില്ല. നിർമ്മാണ സാമഗ്രികളിൽനിന്നുള്ള നികുതി വരുമാനം കുറയുകയും ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, സാനിട്ടറി വെയർ, ടൈൽസ് എന്നിവയുടെ വിപണി മന്ദീഭവിക്കുകയും ചെയ്തിരിക്കുകയാണ്. വരുമാനം കുറഞ്ഞുവരുന്ന സെക്ടറുകളെക്കുറിച്ച് ബജറ്റിൽ പരാമർശമില്ല. ടാക്സ് നെറ്റ്‌വർക്ക് വൈഡൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ജി.എസ്.ടി. രജിസ്ട്രേഷനില്ലാതെ കച്ചവടം നടത്തുന്നവരുടെ ഡാറ്റ തയ്യാറാക്കി നികുതി ഈടാക്കാനുള്ള സംവിധാനമുണ്ടാക്കണം. ബാറുകളിൽനിന്നും ലഭിക്കുന്ന ടേൺ ഓവർ ടാക്സ് ഗണ്യമായി കുറഞ്ഞുവരികയാണ്. സ്വർണ്ണ കച്ചവടത്തിൽനിന്നും ലഭിക്കേണ്ട നികുതി പിരിച്ചെടുക്കുന്നതിൽ സർക്കാർ പരാജയമാണ്. നികുതി വെട്ടിപ്പ് തടയാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം. 2023-ലെ പ്രഥമ സാമ്പത്തികഭദ്രതാ സൂചികയിൽ കേരളത്തിന്റെ സ്ഥാനം പതിനഞ്ചാമതായത് പരിതാപകരമാണ്.

കടവും ജി.എസ്.ഡി.പി.-യും തമ്മിലുള്ള റേഷ്യോ വർധിക്കുകയും മൂലധന ചെലവ് കുറയുകയും ചെയ്തിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ഫലപ്രദമായ ഇടപെടലുണ്ടാകണം. മുനമ്പം വഖഫ് ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): Ease of doing business റാങ്കിങ്ങിൽ കേരളം ഉൾപ്പെട്ടിട്ടില്ലെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. 2020-ലെ റാങ്കിങ്ങിൽ കേരളം aspirant സ്ഥാനത്ത് ആയിരുന്നുവെന്നങ്കിലും 2021 മുതൽ Business Reforms Action Plan ആയതിനുശേഷമുള്ള റാങ്കിങ്ങിൽ കേരളം ഒന്നാമതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ബദൽ മാതൃകയാണ് കിഫ്ബി. 5 വർഷം കൊണ്ട് 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടത്താനുദ്ദേശിച്ചിരുന്നത്. നാളിതുവരെ 87,521.36 കോടി രൂപയുടെ 1147 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്. സർക്കാരിന്റെ വരുമാനത്തിന്റെ ഒരു പങ്ക് വർഷംതോറും വിഹിതമായി നൽകിക്കൊണ്ടും തനതായി വിഭവസമാഹരണം നടത്തിക്കൊണ്ടുമാണ് പശ്ചാത്തലവികസനം സാധ്യമാക്കുക എന്ന ലക്ഷ്യം കിഫ്ബി കൈവരിച്ചത്. പ്ലാൻ ഫണ്ടിൽ കുറവ്

വരുത്തുന്നുവെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. ബജറ്റ് വിഹിതത്തിന് പുറമേ 17857 കോടി രൂപയാണ് കിഫ്ബിയിലൂടെ മാത്രം കഴിഞ്ഞ മൂന്നുവർഷംകൊണ്ട് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത്. 2023-24 വർഷം വരെയുള്ള എല്ലാ വരവുചെലവ് കണക്കുകളും പദ്ധതി സംബന്ധിച്ച രേഖകളും സി.ആൻഡ്എ.ജി. ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തിക വിശ്വാസ്യത സംബന്ധിച്ച ഫിഡിലിറ്റി സർട്ടിഫിക്കറ്റുകൾ സംസ്ഥാന ബജറ്റ് രേഖയോടൊപ്പം സഭയിൽ സമർപ്പിക്കാറുണ്ട്. പ്രളയം, കോവിഡ്, കെ.എസ്.ഇ.ബി.എൽ.-വാട്ടർ അതോറിറ്റി യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കൽ, റെയിൽവേയുടെ ഭാഗത്തുനിന്നുള്ള മെല്ലെപ്പോക്ക് തുടങ്ങിയ കാരണങ്ങളാലാണ് കിഫ്ബി പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നത്. കെ-ഫോൺ വഴി സംസ്ഥാനത്തെ എല്ലാ വീടുകളിലും ഓഫീസുകളിലും അതിവേഗ ഇന്റർനെറ്റ് ഉറപ്പുവരുത്തി. പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിനുകീഴിൽ 152.23 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് കിഫ്ബി അനുമതി നൽകുകയും 55 ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കിൻഫ്ര അമ്പലമുഗളിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ സ്ഥലമേറ്റെടുപ്പിനായി 977.46 കോടി രൂപ

കിഫ്ബി നൽകുകയും 540.22 കോടി രൂപ റവന്യൂ ലഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഡിജിറ്റിമേറ്റ് എക്സ്പെക്ടേഷന് വിരുദ്ധമായി 2022-ൽ കിഫ്ബിയെയും സമാന സ്ഥാപനങ്ങളെയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തുകയും 2022-23 സാമ്പത്തിക വർഷം 15895.5 കോടി രൂപയുടെ അധിക വായ്പയ്ക്കുള്ള അവകാശം നഷ്ടപ്പെടുകയും 2016 മുതൽ 2023 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 107513.09 കോടി രൂപയുടെ ചെലവ് നഷ്ടമോ വിഭവ കമ്മിയോ ഉണ്ടാകുകയും ചെയ്തതിനെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസ് ഭരണഘടനാ ബെഞ്ചിന്റെ പരിഗണനയിലാണ്. കിഫ്ബി വരുമാനദായകമാകുന്നതോടെ സർക്കാർ ഗ്രാന്റ് കുറയ്ക്കാൻ സാധിക്കും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചരിത്രത്തിലിടംപിടിക്കുന്ന നിരവധി നൂതന പദ്ധതി നിർദേശങ്ങളാണ് ഈ ബജറ്റിലുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ മികവാർന്ന വളർച്ചാനിരക്കാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തി സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന കേന്ദ്രഗവൺമെന്റ് നടപടിക്കെതിരെ പ്രതിഷേധം രേഖപ്പെടുത്താത്ത

പ്രതിപക്ഷ നടപടി അപലപനീയമാണ്. കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടും സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതം അനുവദിക്കാത്തത് ഖേദകരമാണ്. സംസ്ഥാനം കടത്തിലാണെന്ന് പറഞ്ഞ് ജനങ്ങൾക്കിടയിൽ ഭീതി പരത്തുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. ആരോഗ്യ-വിദ്യാഭ്യാസ-കാർഷിക മേഖലകളെ ശക്തിപ്പെടുത്തിയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും സംസ്ഥാനത്തെ സാമ്പത്തികമായി ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രഖ്യാപനങ്ങളാണ് ബജറ്റിലുള്ളത്. വിവിധ മേഖലകളിൽ പുതുതലമുറയുടെ സാങ്കേതിക വൈദഗ്ധ്യം പരമാവധി പ്രയോജനപ്പെടുത്തുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. കേരളത്തിലെ റോഡുകളും വിമാനത്താവളങ്ങളും യൂറോപ്യൻ നിലവാരത്തെക്കാൾ മെച്ചപ്പെടുത്താനും ആധുനിക സൗകര്യങ്ങളോടെയുള്ള സ്കൂളുകൾ, കോളേജുകൾ, ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഡിജിറ്റൽ സയൻസ് പാർക്ക്, ടെക്നോപാർക്കിന്റെ വികസനം എന്നിവ നടപ്പാക്കാൻ സാധിച്ചതും ഐ.ടി.-വ്യാവസായിക-കാർഷിക മേഖലകളിലുണ്ടായ കുതിച്ചുചാട്ടവും വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. സമസ്ത മേഖലകളിലും കാലാനുസൃതമായ മാറ്റം കൊണ്ടുവരാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. കേരളത്തിൽനിന്നും മറ്റ്

രാജ്യങ്ങളിലേക്കും സംസ്ഥാനങ്ങളിലേക്കും ചേക്കേറിയ മനുഷ്യ സമ്പത്തിനെ തിരികെ ആകർഷിക്കാൻ വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ സഹായിക്കുമെന്നാണ് കരുതുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്ത് കേരളത്തെ ഒരു പ്രധാന ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ജി.പി.യു. ക്ലസ്റ്റർ സ്ഥാപിക്കുന്നതാണ്. ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്തതിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ തീരത്ത് കൊണ്ടുവരുന്ന വികസന പദ്ധതികളിലൂടെ പുതിയ നഗരങ്ങൾക്ക് രൂപം നൽകും. ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ വരുന്നതോടെ ഉയർന്ന വരുമാനമുള്ള വ്യവസായങ്ങൾ കേരളത്തിൽ ആരംഭിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. ഇന്ധനത്തിൽ 25 ശതമാനത്തിലധികം എഥനോൾ ചേർക്കാനുള്ള കേന്ദ്ര തീരുമാനത്തിന്റെ ചുവടുപിടിച്ച് ചെലവ് കുറഞ്ഞ രീതിയിൽ എഥനോൾ ഉൽപാദിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്കും ഗവേഷണത്തിനുമായി ബജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. നഗര-തദ്ദേശ സ്ഥാപനങ്ങൾക്കും അവയുടെ കൂട്ടായ്മകൾക്കും കൂടുതൽ മൂല്യമുണ്ടാക്കുന്ന പദ്ധതികൾ നടപ്പാക്കാൻ മുനിസിപ്പൽ ബോണ്ടുകൾ, ഗ്രീൻ ബോണ്ടുകൾ, പൂൾഡ് മുനിസിപ്പൽ ബോണ്ടുകൾ എന്നിവയിലൂടെ ഫണ്ടുകൾ

സ്വരൂപിക്കാനുള്ള പദ്ധതിയും ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ ഭവന പദ്ധതി വിജയകരമാക്കുന്നതിന് എല്ലാവരുടെയും പിന്തുണ അഭ്യർഥിക്കുന്നു. സംസ്ഥാനത്ത് താമസക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന വീടുകളെ ഉപയോഗപ്പെടുത്തി ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കെ.ഹോംസ് എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. തീരദേശത്തെ കടൽക്ഷോഭം പരിഹരിക്കുന്നതിനായി ജിയോ ട്യൂബുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിക്ഷേപ തട്ടിപ്പുകളും സാമ്പത്തിക തട്ടിപ്പുകളും വർധിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്കിടയിൽ സാമ്പത്തിക സാക്ഷരത നൽകുന്നതിനുള്ള പദ്ധതികൾക്കായും തുക വകയിരുത്തിയിട്ടുണ്ട്. നവകേരള സദസ്സുമായി ബന്ധപ്പെട്ട് സമസ്ത മണ്ഡലങ്ങളിലെയും വികസന പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്. ലൈഫ്, കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾക്ക് കൂടുതൽ തുക ചെലവഴിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് മാസംതോറും 50 കോടി രൂപ നൽകിവരുന്നുണ്ട്. ജൽജീവൻ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 2028 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ക്ഷേമപെൻഷൻ

കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്കുള്ള വിഹിതം 24.45 കോടി രൂപയായി വർധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയ ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ന്യൂനപക്ഷ സ്കോളർഷിപ്പിന് 20 കോടി രൂപ വകയിരുത്തുകയും മൗലാന ആസാദ് റിസർച്ച് ഫെലോഷിപ്പിനുപകരം 6 കോടി രൂപയുടെ പുതിയൊരു ഫെലോഷിപ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എസ്.സി./എസ്.ടി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് 108 കോടി രൂപ അധികമായി ചെലവഴിക്കുന്നതാണ്. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ മെസ് അലവൻസ് യഥാക്രമം 3125/-, 3575/- രൂപയായും അയ്യങ്കാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ പ്രതിദിന അലവൻസ് 250/- രൂപയായും വർധിപ്പിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് ആനുകൂല്യങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കുകയും 43.77 കോടി രൂപ അധികമായി നൽകുകയും ചെയ്തിട്ടുണ്ട്. വരുമാനം മാനദണ്ഡമാക്കാതെ എസ്.സി./എസ്.ടി. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. വയോജനങ്ങളുടെയും തിരിച്ചെത്തുന്ന പ്രവാസികളുടെയും സംരക്ഷണം ഉറപ്പാക്കും. ടൂറിസത്തിന് വ്യവസായത്തിന്റെ സ്റ്റാറ്റസ്

നൽകാനും കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റാനും നടപടി സ്വീകരിക്കും. പ്രവാസികളുടെ റിവേഴ്സ് മൈഗ്രേഷനുമായി ബന്ധപ്പെട്ട് നയം രൂപീകരിക്കുന്നതാണ്. വന്യജീവികൾ മനുഷ്യരെ ആക്രമിക്കുന്നതും കൃഷി നശിപ്പിക്കുന്നതും തടയാൻ നടപടി സ്വീകരിക്കും. ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്ക് 4 കോടി രൂപ അധികമായി അനുവദിക്കുന്നു. മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾക്ക് അനുവാദം നൽകും. എ. സി. ഷൺമുഖദാസ് മെമ്മോറിയൽ ആശുപത്രിയിൽ ആയുർവേദിക് ചൈൽഡ് ആൻഡ് അഡോളസെന്റ് കെയർ സെന്റർ ആരംഭിക്കാൻ 2 കോടി രൂപ വകയിരുത്തുന്നു. പ്രകൃതിക്ഷോഭത്തിന് ഇരയാകുന്ന കർഷകരുടെ ദുരിതാശ്വാസത്തിന് കൂടുതൽ തുക അനുവദിക്കും. കോഴിക്കോട് വിലങ്ങാട് പ്രകൃതിദുരന്തത്തിനിരയായവർക്കായി പ്രത്യേക പാക്കേജ് തയ്യാറാക്കും. പുതുക്കാട് നിയോജകമണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് നവീകരിക്കും. കുത്തുപറമ്പ് - നരിക്കോട് മല - വാഴമല – വിമാനപ്പാറ - പഴശ്ശി ട്രക്ക് പാത്ത് കേന്ദ്രീകരിച്ച് ടൂറിസം ശൃംഖല രൂപീകരിക്കുന്നതിനും കൊളത്തൂർ ജങ്ഷനിൽനിന്നും കോഴിക്കോട് വിമാനത്താവളത്തിലേക്കുള്ള റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കും. KAMCO-യുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയും

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മാനേജ്മെന്റ് പദ്ധതിക്ക് അധികമായി ഒരു കോടി രൂപയും ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ് പദ്ധതിക്ക് രണ്ട് കോടി രൂപയും അനുവദിക്കുന്നു. പട്ടയമിഷന് രണ്ട് കോടി രൂപ അധികമായി വകയിരുത്തുന്നു. തിരുവനന്തപുരത്ത് നാഷണൽ കോൺക്ലേവ് ഓൺ ഡിജിറ്റൽ സർവെ ആൻഡ് ഇന്റഗ്രേറ്റഡ് പോർട്ടൽ സംഘടിപ്പിക്കാൻ 25 ലക്ഷം രൂപയും റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കാനുള്ള ഇ-സാക്ഷരതാ ക്യാമ്പയിന് ഒരു കോടി രൂപയും തൃത്താല ആയുർവേദ പാർക്കിന് രണ്ട് കോടി രൂപയും അനുവദിക്കുന്നു. ബാലരാമപുരം മുതൽ കളിയിക്കാവിള വരെയുള്ള നാഷണൽ ഹൈവേ വികസനത്തിന് കിഫ്ബി ഫണ്ട് അനുവദിക്കുന്നതാണ്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രമായ പാലക്കയംതട്ടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഒരു കോടി രൂപ വകയിരുത്തുന്നു. കളമശ്ശേരി നിയോജകമണ്ഡലത്തിലെ കരുമാല്ലൂർ, കുന്നുകര പഞ്ചായത്തുകളെ ബന്ധിപ്പിച്ച് പെരിയാറിന് കുറുകെയുള്ള പാലം നിർമ്മാണം ഈ വർഷം ആരംഭിക്കും. കയർ, കശുവണ്ടി, കൈത്തറി മേഖലകളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ ശിപാർശകൾ സമയബന്ധിതമായി നടപ്പാക്കുന്നതാണ്. കോട്ടയ്ക്കൽ ആയുർവേദ കോളേജ് വികസനം

സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്. ജി.എസ്.ടി. വകുപ്പിലെ നികുതിദായക സേവന വിഭാഗത്തിന്റെയും ഓഡിറ്റ് വിഭാഗത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്താൻ ഫേസ്‌ലെസ് അഡ്ജ്യൂഡിക്കേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ-ഹാർഡ്‌വെയർ ക്രമീകരണങ്ങൾക്ക് മൂന്ന് കോടി രൂപയും നിരീക്ഷ സ്ത്രീനാടക വേദിക്ക് അഞ്ച് ലക്ഷം രൂപയും കുറ്റ്യാടി ടൗണിൽനിന്നും പഴശ്ശി ചരിത്രസ്മാരകം ഉൾപ്പെടെയുള്ള മേഖലയുടെ ടൂറിസം വികസനത്തിന് രണ്ട് കോടി രൂപയും വാമനപുരത്തെ വെഞ്ഞാറമൂട് സാംസ്കാരിക സഹകരണ സംഘത്തിന് ഒറ്റത്തവണ ഗ്രാന്റായി പത്ത് ലക്ഷം രൂപയും അനുവദിക്കുന്നു. കോഴിക്കോട് വെസ്റ്റ് ഹിൽ ഹട്ട് റോഡ് പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കും. അതിരപ്പിള്ളി ടൂറിസം മാസ്റ്റർ പ്ലാനിലുൾപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിന് രണ്ട് കോടി രൂപയും കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന്റെ ബുക്ക് കഫേക്ക് 20 ലക്ഷം രൂപയും കട്ടപ്പന മുനിസിപ്പാലിറ്റിയിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി റിങ് റോഡ് നിർമ്മാണത്തിനുള്ള പ്രാഥമിക തുകയായി അഞ്ച് കോടി രൂപയും തോട്ടം മേഖലയിലെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കാനും ലയം

പുനർനിർമ്മിക്കുന്നതിനുമായി പത്ത് കോടി രൂപയും വകയിരുത്തുന്നു. തലശ്ശേരി താലൂക്ക് ആശുപത്രി മാറ്റിസ്ഥാപിക്കാനാവശ്യമായ നടപടി വേഗത്തിലാക്കുന്നതാണ്. തലശ്ശേരി ഹെറിറ്റേജ് ടൗണിന്റെ സൗന്ദര്യവൽക്കരണത്തിന് ഒരു കോടി രൂപ നൽകുന്നതാണ്. ചിറ്റൂർ പഞ്ചായത്തിൽ കെ.എം.എം.എൽ.-ന്റെ സമീപമുള്ള 70 ഏക്കറോളം സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് മുഖാന്തരം ഏറ്റെടുത്ത് ലോജിസ്റ്റിക് പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. മലപ്പുറത്തെ കെ.എസ്.ആർ.ടി.സി. കെട്ടിട നിർമ്മാണവും എറണാകുളം ടൗണിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് നിർമ്മാണവും സമയബന്ധിതമായി പൂർത്തീകരിക്കും. റബ്ബറിന്റെയും നെല്ലിന്റെയും താങ്ങുവില വർധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നെല്ലിന്റെ ഹാൻഡ്ലിങ് ചാർജിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകാനുള്ള പണം കൊടുത്തുതീർക്കുന്നതാണ്.

## VIII. അറിയിപ്പ്

### ക്യാൻസർ സ്ക്രീനിങ് ക്യാമ്പ്

മി. സ്പീക്കർ: സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പാക്കിവരുന്ന 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി വനിതാ സാമാജികർക്കും നിയമസഭാ സെക്രട്ടേറിയറ്റിലെ 30 വയസിന്

മുകളിൽ പ്രായമുള്ള വനിതാ ജീവനക്കാർക്കുമായി 13-02-2025-ന് രാവിലെ 8.30 മുതൽ ആർ. ശങ്കരനാരായണൻതമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് നടത്തുന്ന ക്യാൻസർ സ്ക്രീനിങ് പരിപാടിയിൽ എല്ലാ വനിതാ സാമാജികരുടെയും പങ്കാളിത്തമുണ്ടാകണമെന്നഭ്യർഥിക്കുന്നു.

(സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.)

*********